"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - 13/04/1998 മുതൽ കുടുംബശ്രീയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.എസ്.ഗീതാകുമാരിക്ക് 01/11/2012 തീയതി പ്രാബല്യത്തിൽ കുടുംബശ്രീ ഗവേണിംഗ് ബോഡി അനുവദിച്ച സ്വീപ്പർ-കം-ഓഫീസ് അസിസ്റ്റന്റ് തസ്തിക അംഗീകരിച്ച് 9-ാം ശമ്പളപരിഷ്കരണത്തിലെ ഏറ്റവും താഴ്ന്ന സ്കെയിലായ Rs.8500-13210-ൽ 8500/- രൂപ അടിസ്ഥാന ശമ്പളം അനുവദിച്ച് നൽകിയ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്

സ.ഉ.(സാധാ) നം.1479/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 09/08/2020

പരാമർശം:- 1 17/10/2012, 17/07/2013 എന്നീ തീയതികളിൽ ചേർന്ന കുടുംബശ്രീ ഗവേണിംഗ് ബോഡി തീരുമാനങ്ങൾ.

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31/05/2016, 10/06/2019, 14/11/2019 എന്നീ തീയതികളിലെ 4200/ഇ/2007/കെ.എസ്.എച്ച്.ഒ. നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കുടുംബശ്രീ സംസ്ഥാന മിഷനിൽ 13/04/1998 മുതൽ പാർട്ട് ടൈം സ്വീപ്പറായി ജോലിചെയ്തുവരുന്ന ശ്രീമതി എസ്. ഗീതാകുമാരിയെ ടിയാളുടെ പരിതാപകരമായ ജീവിത സാഹചര്യം പരിഗണിച്ച്, RAY സെല്ലിലെ ഓഫീസ് അസിസ്റ്റന്റിന്റെ അധിക ചുമതലകൂടി നൽകി Rs.4510-6230 (Pre Revised) എന്ന സ്കെയിലിൽ ഓഫീസ് അസിസ്റ്റന്റ്-കം-പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമിക്കുന്നതിന് 17/10/2012-ൽ ചേർന്ന കുടുംബശ്രീ ഗവേണിംഗ് ബോഡി അനുമതി നൽകിയിരുന്നു. ആയതിന് 01/11/2012 മുതൽ പ്രാബല്യം ലഭിക്കത്തക്കവിധം ഒൻപതാം ശമ്പളപരിഷ്കരണ ഉത്തരവിലെ ഏറ്റവും കുറഞ്ഞ സ്കെയിൽ ആയ Rs.8500-13210/- അനുവദിച്ച് ഉത്തരവാകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) എന്നാൽ കുടുംബശ്രീയുടെ 17/07/2013-ൽ ചേർന്ന ഗവേണിംഗ് ബോഡി യോഗത്തിൽ ശ്രീമതി.എസ്.ഗീതാകുമാരിയുടെ തസ്തികാനാമം സ്വീപ്പർ-കം-ഓഫീസ് അസിസ്റ്റന്റ് എന്ന് മാറ്റി ടിയാളുടെ നിയമനം ക്രമവത്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് അയയ്ക്കുന്നതിന് തീരുമാനിച്ചു. തുടർന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28/11/2014 ലെ KS.4200/2012/ഇ. നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി എസ്.ഗീതാകുമാരിയ്ക്ക് 01/11/2012 തീയതി പ്രാബല്യത്തിൽ 9-ാം ശമ്പള പരിഷ്കരണത്തിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ സ്കെയിലായ Rs.8500-13210/- അനുവദിക്കുകയും അപ്രകാരം ശമ്പളം അനുവദിക്കുകയും ചെയ്തു. എന്നാൽ ശമ്പള കുടിശ്ശിക അനുവദിച്ചിട്ടില്ല. കുടുംബശ്രീ

സംസ്ഥാന മിഷനിൽ രണ്ട് ഓഫീസ് അസിസ്റ്റന്റുമാരുടെ ഒഴിവുണ്ടെന്നും ശ്രീമതി.എസ്.ഗീതാകുമാരിയുടെ ദീർഘകാലത്തെ സേവനം കണക്കിലെടുത്ത് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് പരിഗണിച്ച് അർഹമായ ശമ്പള സ്കെയിൽ അനുവദിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2)-ലെ 31/05/2016-ലെ കത്ത് പ്രകാരം വീണ്ടും അഭ്യർത്ഥിച്ചിട്ടുണ്ട്.

3) കുടുംബശ്രീയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ പാരാ 20 പിരിവ് (സി) പ്രകാരം ആവശ്യമുള്ളപ്പോൾ 2500/- രൂപയിൽ താഴെ അടിസ്ഥാന ശമ്പളം വരുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിന് കുടുംബശ്രീ ഗവേണിംഗ് ബോഡിക്ക് അധികാരമുണ്ട്. കാലാകാലങ്ങളിലുള്ള പേ-റിവിഷനുകളുടെ അടിസ്ഥാനത്തിൽ ടി അടിസ്ഥാന ശമ്പളത്തിൽ മാറ്റം വരുത്താവുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. 1993-ലെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മേല്പറഞ്ഞ 2500/- രൂപ എന്ന അടിസ്ഥാനശമ്പളം നിജപ്പെടുത്തിയിരുന്നത്. കാലാകാലങ്ങളിലുണ്ടായ ശമ്പളപരിഷ്കരണങ്ങൾ പ്രകാരം ടി അടിസ്ഥാന ശമ്പളത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ പാര 26 പിരിവ് (ഡി) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സർക്കാരോ, ഗവേണിംഗ് ബോഡിയോ സൃഷ്ടിക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനും വ്യവസ്ഥയുണ്ട്.

4) 17/10/2012, 17/07/2013 തീയതികളിലെ കുടുംബശ്രീ ഗവേണിംഗ് ബോഡി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിച്ച മേല്പറഞ്ഞ നടപടിക്ക് സാധൂകരണം നൽകണമെന്ന ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെ അടിസ്ഥാനത്തിലാണ് കുടുംബശ്രീ മിഷൻ പ്രവർത്തിച്ചു വരുന്നത്. ശ്രീമതി എസ്. ഗീതാകുമാരിയുടെ പരിതാപകരമായ ജീവിത സാഹചര്യം കൂടി പരിഗണിച്ചാണ് കുടുംബശ്രീ ഗവേണിംഗ് ബോഡി പ്രസ്തുത തീരുമാനം എടുത്തിട്ടുള്ളത്. മാത്രമല്ല ഒരു പാർട്ട് ടൈം സ്വീപ്പറെയും, ഓഫീസ് അസിസ്റ്റന്റിനെയും നിയമിക്കേണ്ട സ്ഥാനത്താണ് ഒരാളെ പ്രസ്തുത രണ്ട് തസ്തികകളുടെയും ചുമതലകൾ നിർവ്വഹിക്കുന്നതിനായി, 9-ാം ശമ്പള പരിഷ്കരണത്തിലെ ഏറ്റവും താഴ്ന്ന സ്കെയിലായ Rs.8500-13210-ൽ 8500/- രൂപ അടിസ്ഥാന ശമ്പളം അനുവദിച്ച് നിയോഗിച്ചിട്ടുള്ളത്.

5) മേൽ സാഹചര്യത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച് താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, 13/04/1998 മുതൽ കുടുംബശ്രീയിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി.എസ്.ഗീതാകുമാരിക്ക് 01/11/2012 തീയതി പ്രാബല്യത്തിൽ ഗവേണിംഗ് ബോഡി അനുവദിച്ച സ്വീപ്പർ-കം-ഓഫീസ് അസിസ്റ്റന്റ് തസ്തിക അംഗീകരിച്ച് 9-ാം ശമ്പള പരിഷ്കരണത്തിലെ ഏറ്റവും താഴ്ന്ന സ്കെയിലായ Rs.8500-13210-ൽ 8500/- രൂപ അടിസ്ഥാന ശമ്പളം അനുവദിച്ച് നൽകിയ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സാധൂകരണം നൽകി ഉത്തരവാകുന്നു.

1. ശ്രീമതി.എസ്.ഗീതാകുമാരി റിട്ടയർ ചെയ്യുന്ന മുറയ്ക്ക് സ്വീപ്പർ-കം-ഓഫീസ് അസിസ്റ്റന്റ് തസ്തികയുടെ ആവശ്യകത പുന:പരിശോധിക്കുന്നതാണ്.

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28/11/2014-ലെ KS.4200/2012/ഇ നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി.എസ്.ഗീതാകുമാരിയ്ക്ക് 01/11/2012 മുതൽ 9-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ സ്കെയിലായ Rs.8500-13210- അനുവദിച്ചിട്ടുണ്ടെങ്കിലും മുൻകാല പ്രാബല്യത്തിൽ വേതന കുടിശ്ശിക അനുവദനീയമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനി മോൾ ഡി**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീമതി.ഗീതാകുമാരി, സ്വീപ്പർ, കുടുംബശ്രീ(എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ജി.&എസ്.എസ്.എ./ഇ.&ആർ.എസ്.എ.) കേരള, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ